# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1896 | 11/02/2020 ൽ മറുപടിക്ക് |
|---|---|

**സിവിൽ സർവ്വീസിലെ അഴിമതി തടയാൻ നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ. ബാബു** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാന സിവിൽ സർവ്വീസ് അഴിമതി രഹിതമാക്കുന്നതിന് അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/ സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം/ മിന്നൽ പരിശോധന എന്നിവ നടത്തുകയും, തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ, മറ്റ് വകുപ്പുതലനടപടികൾ ആവശ്യമായവയിൽ വിജിലൻസ് ഡയറക്ടറുടെ ശുപാർശ പ്രകാരം തുടർനടപടി സ്വീകരിക്കുന്നു. കൂടാതെ പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ട്രാപ്പ് കേസ്സുകൾ സ്വമേധയാ രജിസ്റ്റർ ചെയ്യും. ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമേ അഴിമതി തടയുന്നതിനുവേണ്ടി സർക്കാർ വകുപ്പുകളിൽ നിലവിലുള്ള ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിവരാറുണ്ട്.<br>വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ |

| | | | |
|---|---|---|---|
| | | | ബ്യൂറോയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യതയോടെ വേഗത്തിലാക്കുന്നതിനും അഴിമതി നിർമ്മാർജ്ജനത്തിനും ബ്യൂറോയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ഡിജിറ്റൽ തെളിവുകളുടെ ആധികാരികത പരിശോധിക്കുന്നതിനും കേസന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്.<br>2. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയത്തിനായി പോലീസ് വകുപ്പിൽ ഉപയോഗിച്ചുവരുന്ന രീതിയിൽ CoB (Communication Back Bone) സംവിധാനം ആരംഭിച്ചിട്ടുണ്ട്.<br>3. അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി ഡിജിറ്റൽ ക്യാമറകളും രഹസ്യ നിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും, കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ആധുനിക ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.<br>4. അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും അറിയിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വെബ്സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് iAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അഴിമതി കേസുകളാണ് കണ്ടെത്തിയിട്ടുള്ളതെന്നും എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചെന്നും വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 561 വിജിലൻസ് കേസുകളാണ് പുതിയതായി രജിസ്റ്റർ ചെയ്തിട്ടുള്ളത്.<br>591 പേർക്കെതിരെ പ്രോസിക്യൂഷനും 228 പേർക്കെതിരെ വകുപ്പുതല നടപടിയും 88 പേർക്കെതിരെ ട്രൈബ്യൂണൽ എൻക്വയറിയ്ക്കുമുള്ള വിജിലൻസ് ഡയറക്ടറുടെ ശുപാർശയിൽ നടപടി സ്വീകരിച്ച് വരുന്നു. ആയതിന്റെ വകുപ്പ് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

Rashmi.T

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | വകുപ്പുകൾ | പ്രോസിക്യൂഷൻ | വകുപ്പുതല നടപടി | ട്രൈബ്യൂണൽ എൻക്വയറി |
|---|---|---|---|---|
| 1 | മോട്ടോർ വാഹന വകുപ്പ് | 9 | 0 | 15 |
| 2 | പി.ഡബ്ല്യു.ഡി | 38 | 8 | 12 |
| 3 | തദ്ദേശ സ്വയംഭരണ വകുപ്പ് | 143 | 101 | 8 |
| 4 | റവന്യൂ | 79 | 31 | 5 |
| 5 | വനം വകുപ്പ് | 2 | 0 | 1 |
| 6 | പോലീസ് | 18 | 6 | 7 |
| 7 | ഇലക്ട്രിസിറ്റി ബോർഡ് | 1 | 1 | 0 |
| 8 | പൊതു വിദ്യാഭ്യാസം | 11 | 8 | 2 |
| 9 | ശിശുക്ഷേമ വകുപ്പ് | 2 | 0 | 0 |
| 10 | കേരള വാട്ടർ അതോറിറ്റി | 4 | 1 | 0 |
| 11 | സി-ആപ്റ്റ് | 0 | 9 | 0 |
| 12 | സ്പോർട്സ് കൗൺസിൽ | 2 | 1 | 0 |
| 13 | ജയിൽ | 0 | 0 | 2 |
| 14 | ലോട്ടറി | 2 | 1 | 0 |
| 15 | സഹകരണ വകുപ്പ് | 13 | 19 | 0 |
| 16 | സർവ്വെ ലാൻഡ് റിക്കാർഡ്സ് | 6 | 2 | 1 |
| 17 | കൺസ്യൂമർ ഫെഡ് | 24 | 0 | 0 |
| | | | | |

| | | | | |
|---|---|---|---|---|
| 18 | എക്സൈസ് | 7 | 0 | 3 |
| 19 | സിവിൽ സപ്ലൈസ് | 15 | 1 | 0 |
| 20 | ആരോഗ്യം | 9 | 4 | 4 |
| 21 | എസ്.സി/എസ്.റ്റി | 18 | 3 | 1 |
| 22 | കൃഷി | 7 | 5 | 0 |
| 23 | ജലസേചന വകുപ്പ് | 12 | 2 | 2 |
| 24 | നികുതി | 33 | 2 | 17 |
| 25 | ക്ഷീര വികസന വകുപ്പ് | 7 | 0 | 0 |
| 26 | ഗതാഗതം (ട്രാൻസ്പോർട്ട്) | 54 | 1 | 4 |
| 27 | ഹാർബർ എഞ്ചിനീയറിംഗ് | 4 | 3 | 0 |
| 28 | മൈനിംഗ് ആൻഡ് ജിയോളജി | 2 | 5 | 2 |
| 29 | രജിസ്ട്രേഷൻ | 9 | 1 | 2 |
| 30 | സാമൂഹിക നീതി വകുപ്പ് | 0 | 2 | 0 |
| 31 | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 5 | 3 | 0 |
| 32 | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ | 2 | 1 | 0 |
| 33 | ടൂറിസം | 16 | 2 | 0 |
| 34 | ഭൂഗർഭജല വകുപ്പ് | 0 | 1 | 0 |
| 35 | ജുഡീഷ്യറി | 11 | 0 | 0 |
| 36 | പോർട്ട് ആൻഡ് ഫിഷറീസ് | 10 | 1 | 0 |
| 37 | വ്യവസായ വകുപ്പ് | 8 | 0 | 0 |
| 38 | ദേവസ്വം | 3 | 2 | 0 |

| | | | | |
|---|---|---|---|---|
| 39 | ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് | 1 | 0 | 0 |
| 40 | മൃഗസംരക്ഷണ വകുപ്പ് | 3 | 1 | 0 |
| 41 | സർവ്വകലാശാല | 1 | 0 | 0 |
| | ആകെ | **591** | **228** | **88** |

Rashmi T

സെക്ഷൻ ഓഫീസർ